ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

(ബി) ഇക്കോ കേരള പദ്ധതിയിൽ ഹോട്ടലുകൾക്ക് അംഗത്വം ലഭിക്കുന്നതാണ്. ഹോട്ടലുകൾ നടപ്പിലാക്കിയിട്ടുള്ള പരിസ്ഥിതി പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മെമ്പർ, ക്ലബ് മെമ്പർ, ഡയമണ്ട് മെമ്പർ എന്നീ മൂന്നു തരത്തിലുള്ള അംഗത്വം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. അംഗത്വം ലഭിക്കുന്ന ഹോട്ടലുകൾക്ക് പരിസ്ഥിതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന് ആവശ്യമായി വന്ന മുതൽമുടക്കിന്റെ 15% പരമാവധി അഞ്ച് ലക്ഷം രൂപ സബ്സിഡിയായി ടൂറിസംവകുപ്പ് നൽകുന്നതാണ്.

(സി) ടൂറിസം രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ് പരിശോധിക്കുന്നത്.

കെ. എസ്. ഇ. ബി. യിലെ ആന്റി തെഫ്റ്റ് സ്ക്വാഡ്

17 (*344) ശ്രീ. അടൂർപ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.യിലെ ആന്റി തെഫ്റ്റ് സ്ക്വാഡിന്റെ അംഗസംഖ്യയെത്ര എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർ ഏതെല്ലാം കേഡറുകളിൽപ്പെടുന്നു എന്നും ഇവർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ അധികാരം വിനിയോഗിക്കുന്ന കാര്യത്തിൽ അവർക്ക് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം കൊടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ അനുവദിക്കപ്പെട്ട അംഗസംഖ്യ 89-ഉം നിലവിലുള്ള അംഗസംഖ്യ 75-ഉം ആണ്.

(ബി) ആന്റി പവർ തെഫ്റ്റ് സ്ക്വാഡിലെ അംഗങ്ങൾ താഴെപറയുന്ന കേഡറുകളിൽപ്പെടുന്നു.

കേഡർ	അനുവദിക്കപ്പെട്ട അംഗസംഖ്യ	നിലവിലുള്ള അംഗസംഖ്യ
(1)	(2)	(3)
1. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ	1	1
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ	3	2

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	9	5
4. അസിസ്റ്റന്റ് എഞ്ചിനീയർ	11	9
5. സബ് എഞ്ചിനീയർ	8	7
6. ലൈൻമാൻ/മീറ്റർ റീഡർ	9	8
7. സീനിയർ സൂപ്രണ്ട്	4	3
8. സീനിയർ അസിസ്റ്റന്റ്/ ജൂനിയർ അസിസ്റ്റന്റ്	17	15
9. ഓഫീസ് അറ്റൻഡന്റ്	12	11
10. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	1	1
11. ഫെയർ കോപ്പി അസിസ്റ്റന്റ് (ടൈപ്പിസ്റ്റ്)	4	4
12. പോലീസ് ഹെഡ് കോൺസ്റ്റബിൾ/ കോൺസ്റ്റബിൾ	10	9
13. ഡ്രൈവർ	1	1
ആകെ	89	75

ഇവരെല്ലാം ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ (വിജിലൻസ് ആന്റ് സെക്യൂരിറ്റി) നിയന്ത്രണത്തിലാണ്.

ഇവരുടെ അധികാരങ്ങൾ തസ്തിക അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

എ.പി.ടി. സ്കാഡിന്റെ എല്ലാ പ്രവർത്തനങ്ങളും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. ഇവയിൽ എച്ച്.ടി/ഇ.എച്ച്.ടി വിഭാഗത്തിലുള്ളവയും എൽ.ടി. വിഭാഗത്തിൽ ഉള്ളതുമായ ഉപഭോക്താക്കളുടെ ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട പരിശോധനയും അതിനെത്തുടർന്നുള്ള അപാകതകൾ കണ്ടുപിടിക്കലും പിഴ ചുമത്തലും ഉൾപ്പെടുന്നു. കൂടാതെ അസസ്മെന്റിന് എതിരായി വരുന്ന അപ്പീൽ പെറ്റീഷനുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് അധികാരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എക്സിക്യൂട്ടീവ് എഞ്ചിനീയർ

എച്ച്.റ്റി/ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ ഇൻസ്റ്റലേഷനും മീറ്ററിംഗ് എക്വിപ്മെന്റുകളും പരിശോധിക്കുന്നതിനും അപാകതകൾ കണ്ടുപിടിക്കുന്നതിനും അസസ്മെന്റിന് ശുപാർശ ചെയ്യുന്നതിനും അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓരോ റീജിയണൽ യൂണിറ്റിലും വരുന്ന എ.പി.റ്റി-സ്കാഡുകളുടെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ചുമത്തപ്പെട്ട പിഴയുടെ അടയ്ക്കൽ നിരീക്ഷിക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുണ്ട്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ

എൽ.ടി.വിഭാഗത്തിൽ വരുന്ന എല്ലാ ഉപഭോക്താക്കളുടെയും ഇൻസ്റ്റലേഷനും മീറ്റർ എക്വിപ്മെന്റുകളും പരിശോധിക്കുന്നതിനും അപാകതകൾ കണ്ടുപിടിക്കുന്നതിനും കണ്ടുപിടിക്കപ്പെട്ട അപാകതകൾക്ക് അസസ്മെന്റ് ശുപാർശ ചെയ്യുന്നതിനും അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചുമത്തപ്പെട്ട പിഴയുടെ അടയ്ക്കൽ നിരീക്ഷിക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുണ്ട്. സബ് എഞ്ചിനീയർ, ലൈൻമാർ/മീറ്റർ റീഡർ, പോലീസ് സബ് ഇൻസ്പെക്ടർ, ഹെഡ് കോൺസ്റ്റബിൾ, കോൺസ്റ്റബിൾ എന്നിവരെ അതാതു സ്കാഡുകളുടെ ഇൻസ്പെക്ഷനുകളിലും തുടർ നടപടികളിലും സഹായിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുണ്ട്.

സീനിയർ സൂപ്രണ്ട്/സീനിയർ അസിസ്റ്റന്റ്/ജൂനിയർ അസിസ്റ്റന്റ്, ഫെയർകോപ്പി അസിസ്റ്റന്റ് ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലുള്ളവർക്ക് ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുക, അപ്പീൽ പെറ്റീഷനുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുക എന്നീ ചുമതലകൾ നൽകിയിട്ടുണ്ട്.

(സി) എ.പി.ടി.എസ്. ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡ് ഉപഭോക്താക്കളെ കാണിച്ച് ഐഡന്റിറ്റി വ്യക്തമാക്കിയതിനുശേഷം മാത്രമേ ഇൻസ്പെക്ഷൻ നടത്താൻ പാടുള്ളൂ എന്നും യാതൊരുവിധത്തിലുള്ള പീഡനവും പരിശോധനവേളയിൽ ഉപഭോക്താവിന് ഉണ്ടാകരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുക, നിലവിൽ സെക്ഷൻ ഓഫീസ് അധികൃതർ തയ്യാറാക്കിവരുന്ന സൈറ്റ് മഹസ്സറുകൾ കൂടുതൽ നിയമസാദ്ധ്യത ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട എ.പി.ടി.എസ് ഉദ്യോഗസ്ഥർ തന്നെ തയ്യാറാക്കുക, ഇൻസ്പെക്ഷൻ രജിസ്റ്ററിൽ ബന്ധപ്പെട്ട പോലീസ് കേസിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

കോടതി കേസിന്റെയും വിശദവിവരങ്ങൾ രേഖപ്പെടുത്തുക, ഹൈടെൻഷൻ/ലോ ടെൻഷൻ ഉപഭോക്താക്കൾക്ക് പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കുക, ഇൻസ്പെക്ഷന് അത്യാവശ്യമായ കൃത്യത ഉറപ്പുവരുത്തുന്ന ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുക എന്നീ നിർദ്ദേശങ്ങളും ആന്റി പവർ തെഫ്റ്റ് സ്കാഡിലെ അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

കടലാക്രമണങ്ങളുണ്ടാകുന്ന പ്രദേശങ്ങളുടെ സംരക്ഷണം

18 (*345) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കടലാക്രമണഭീഷണിയെക്കുറിച്ച് പഠിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പീച്ചിയിലെ ഗവേഷണ കേന്ദ്രം സംസ്ഥാന സർക്കാരിന് ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടുപ്രകാരം കൂടുതൽ കടലാക്രമണ സാദ്ധ്യതയുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങളുടെ സംരക്ഷണത്തിനായി ഏതെങ്കിലും പ്രത്യേക സംവിധാനം ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) പഠന റിപ്പോർട്ടുകളൊന്നും സമർപ്പിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവ്വർ റിസർച്ച് സ്റ്റേഷൻ കേരള കടൽതീരത്തിന് വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള കടൽഭിത്തി നിർമ്മാണം പ്രയോജനപ്രദമായി അനുഭവപ്പെട്ടിട്ടുണ്ട്. ഈ രീതിയാണ് ഇപ്പോൾ അവലംബിച്ചു വരുന്നത്. പുതിയ സംവിധാനം ഏർപ്പെടുത്താൻ പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly